# ലോഗോസ് പഠനസഹായി 2023
# വി. ലൂക്കാ എഴുതിയ സുവിശേഷം

വിശുദ്ധ ലൂക്കാസുവിശേഷകൻ അന്ത്യോക്യയിൽ വിജാതീയ മാതാപിതാക്കളിൽനിന്നു ജനിച്ചു. വിശുദ്ധ പൗലോസിൻെറ സ്നേഹിതനായിരുന്നു അദ്ദേഹം (കൊളോ 4,14). പൗലോസിൻെറ രണ്ടാമത്തെയും (അപ്പ 16,10.11) മൂന്നാമത്തെയും (അപ്പ 20,5-8) പ്രേഷിതയാത്രകളിലും റോമിലെ കാരാഗൃഹവാസകാലത്തും (അപ്പ 27,1; 28,16; 2 തിമോ 4,11; ഫിലെ 23) ലൂക്കാ കൂടെയുണ്ടായിരുന്നു. ഇക്കാരണങ്ങളാൽ, വിജാതീയരുടെ ഇടയിലേക്ക് വളർന്നു വികസിച്ചുകൊണ്ടിരുന്ന സഭയുടെ ആവശ്യങ്ങൾ മനസിലാക്കാൻ മറ്റാരെയുംകാൾ ലൂക്കായ്ക്കു കഴിയുമായിരുന്നു. സുവിശേഷത്തിന്റെ ആദ്യവാക്യങ്ങളിൽത്തന്നെ (1,1-4) സുവിശേഷകന്റെ ലക്ഷ്യം വ്യക്തമായി അവതരിപ്പിച്ചിട്ടുണ്ട്. മത്തായി, മർക്കോസ്, സുവിശേഷങ്ങളോടുള്ള ബന്ധം നിമിത്തം സമവീക്ഷണ സുവിശേഷങ്ങളിലൊന്നായിട്ടാണ് ലൂക്കായുടെ സുവിശേഷം അറിയപ്പെടുന്നത്. നടപടി പുസ്തകം രചിച്ച ലൂക്കായുടെ "ആദ്യ കൃതിയാണ്" ഈ സുവിശേഷമെന്ന് (നട 1,1) ഊഹിക്കാം. 24 അധ്യായങ്ങളും 1150 വാക്യങ്ങളുമാണ് മൂന്നാം സുവിശേഷത്തിലുള്ളത്. ദരിദ്രരുടെ സുവിശേഷം, പ്രാർഥനയുടെ സുവിശഷം, പരിശുദ്ധാത്മാവിന്റെ സുവിശേഷം എന്നൊക്കെ ഈ സുവിശേഷം വിളിക്കപ്പെടാറുണ്ട്. ആ പ്രമേയങ്ങൾക്ക് സുവിശേഷത്തിലുള്ള മുൻഗണനയാണ് അതിനു കാരണം.

### സുവിശേഷകനായ ലൂക്കാ

ലൂക്കാ ഈശോയുടെ 12 പേരിൽ ഒരാളായിരുന്നില്ല. സുവിശേഷം രചിച്ച ആളുടെ പേര് ലൂക്കാ എന്നായിരുന്നു എന്ന് അനുമാനിക്കാം. അദ്ദേഹം പുതിയ നിയമത്തിൽത്തന്നെ സൂചിപ്പിക്കപ്പെട്ടിട്ടുള്ള ലൂക്കാ തന്നെയാണോ (ഫിലെ 24; 2 തിമോ 4,11; കൊളോ 4,14) എന്ന സംശയമുണ്ട്. ഇരണേവൂസാണ് ലൂക്കാ ഈ സുവിശേഷം രചിച്ചു എന്ന് ആദ്യം എഴുതിയത് (180). "പൗലോസിന്റെ സഹചാരിയായിരുന്ന ലൂക്കാ അദ്ദേഹം പ്രസംഗിച്ച സുവിശേഷം രേഖപ്പെടുത്തി" എന്നാണ് ഇരണേവൂസ് എഴുതുന്നത്. നടപടിയിലെ "ഞങ്ങൾ പ്രസ്താവന"കളാണ് (നട 16,10-17; 20,5-15; 21,118; 27,1-28,16) ഇക്കാര്യത്തിന്റെ തെളിവിനായി ഇരണേവൂസ് സ്വീകരിക്കുന്നത്. മുറത്തോറിയൻ രേഖാശകലം (എ.ഡി. 200) ലൂക്കായുടെ കർതൃത്വം അംഗീകരിക്കുന്നുണ്ട്. രക്തസാക്ഷിയായ ജസ്റ്റിനും (എ.ഡി. 150)പാഷണ്ഡിയായ മാർസിയനും (എ.ഡി. 140) ലൂക്കായുടെ സുവിശേഷം പരിചിതമായിരുന്നു. പൗലോസിന്റെ സഹയാത്രികനായ ലൂക്കാ മൂന്നാം സുവിശേഷം രചിച്ചു എന്ന പാരമ്പര്യത്തിന് എ.ഡി. 150 മുതലെങ്കിലും ലിഖിതതെളിവുകളുണ്ട്. അദ്ദേഹം ഒരു വൈദ്യനായിരുന്നു എന്ന് കൊളോ 4,14ൽ കാണുന്നു. ഒരു കൂട്ടം രചയിതാക്കളല്ല ഒരാളാണ് സുവിശേഷം രചിച്ചത് എന്നതിന് തെയോഫിലോസിനുള്ള സമർപ്പണം (1,3) തെളിവായി കരുതുന്നു. "ലൂക്കായുടെ സുവിശേഷം" എന്ന തലക്കെട്ട് മൂലത്തിലുള്ളതല്ല; അതിപുരാതനമായ പാരമ്പര്യമാണ്.

### രചനാസ്ഥലവും കാലവും

ലൂക്കായുടെ സുവിശേഷം രചിക്കപ്പെട്ട സ്ഥലം സുനിശ്ചിതമായി നിർണയിക്കപ്പെട്ടിട്ടില്ല. പാലസ്തീനായ്ക്ക് വെളിയിൽ വച്ചാണ് എന്ന കാര്യത്തിൽ അഭിപ്രായ ഐക്യമുണ്ട്. പാലസ്തീനായെ മൊത്തം സൂചിപ്പിക്കാൻ "യൂദയാ എന്നുപയോഗിച്ചിരിക്കുന്നത് അതിനു തെളിവാണ്. (1:5; 5:44; 6:17). പാലസ്തീനായിലെ സ്ഥലങ്ങളെപ്പറ്റിയുള്ള രചയിതാവിന്റെ അറിവു പരിമിതമാണ്. പുസ്തകാരംഭത്തിലെ സമർപ്പണം (1,3) യവനപാരമ്പര്യമുള്ള ഒരു സമൂഹത്തെ സൂചിപ്പിക്കുന്നു. ഗ്രീക്കുദ്വീപുകൾ, അന്ത്യോക്യാ, എഫേസൂസ്, മാസിഡോണിയാ, അക്കായിയാ, ചെസാറിയാ, ഏഷ്യാമൈനർ എന്നിങ്ങനെ വിവിധ സ്ഥലങ്ങൾ ഈ സുവിശേഷത്തിന്റെ രചനാസ്ഥലമായി നിർദേശിക്കപ്പെട്ടിട്ടുണ്ട്. റോമിൽവച്ചു രചിക്കപ്പെട്ടു എന്ന് ഇന്നു ധാരാളം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. ജെറുസലേമിൽനിന്നു തുടങ്ങി സാമ്രാജ്യതലസ്ഥാനം വരെ വികസിക്കുന്ന പ്രേഷിത ദൗത്യമാണല്ലോ ലൂക്കായുടെ വിഷയം (നട 1,8; 12,21). ലോകത്തിന്റെ അതിർത്തിയാണ് റോം. മാത്രമല്ല ഒന്നു ക്ലെമ 5,42ലുള്ള പരാമർശങ്ങളും റോമിലാണ് രചിച്ചതെന്ന് സൂചിപ്പിക്കുന്നു.

മർക്കോസിന്റെ സുവിശേഷവും 'ക്യു' രേഖയും ലൂക്കാ സ്രോതസ്സുകളായി ഉപയോഗിക്കുന്നതുകൊണ്ട് അവയ്ക്കു ശേഷമായിരിക്കണം രചന നടന്നത്. ദേവാലയനാശവും (13,35; 19,41-44; 21,24) പൗലോസിന്റെ മരണവും (നട 20,25.38;21,13) സംഭവിച്ചുകഴിഞ്ഞതായി ലൂക്കായ്ക്ക് അറിയാം. രക്ഷാചരിത്രത്തെക്കുറിച്ച് അറി

യാൻ തത്പരനായ മൂന്നാം തലമുറയിലെ ക്രൈസ്തവരുടെ വീക്ഷണമാണ് ലൂക്കായ്ക്കുള്ളത്. അതുകൊണ്ട് **എ.ഡി. 70ന് ശേഷം ഗ്രീക്ക് പാരമ്പര്യമുള്ള ഒരു സ്ഥലത്ത് എഴുതപ്പെട്ടുവെന്ന്** അനുമാനിക്കാം. നടപടി പുസ്തകത്തിനുമുമ്പായി വിരചിതമായി എന്ന കാര്യത്തിൽ സംശയമില്ല.

### സ്വീകർത്താക്കൾ

ഒരു വിജാതീയ ക്രൈസ്തവസമൂഹത്തിനുവേണ്ടിയാണ് ലൂക്കാ തന്റെ സുവിശേഷം എഴുതിയതെന്ന് കരുതപ്പെടുന്നു. യഹൂദനിയമം മേലിൽ ബാധകമല്ലെന്ന് ലൂക്കായ്ക്കറിയാം. രക്ഷാചരിത്രപരമായുള്ള ഇസ്രായേലിന്റെ സ്ഥാനവും അസ്തമിച്ചു (ലൂക്കാ 21,22-24; നട 28,25-27). എന്നാൽ രക്ഷാചരിത്രത്തിന്റെ തുടക്കം ഇസ്രായേലിലാണ്. ഈശോയെ യഹൂദരുടെ പ്രതീക്ഷാപാത്രമായ മിശിഹാ ആയി അവതരിപ്പിക്കാൻ ലൂക്കാ ഉത്സുകനാണ്. ലൂക്കാ നൽകുന്ന മൂന്നു ഗീതങ്ങളിലും (മറിയം, സഖറിയാ, ശിമയോൻ) വാഗ്ദാനപൂർത്തീകരണം ഒരു പ്രധാന ആശയമാണ്. യവന-റോമൻ ചരിത്ര രചനാ സമ്പ്രദായവുമായി ലൂക്കായ്ക്ക് പരിചയമുണ്ട് (ലൂക്കാ 1:1-4). പാലസ്തീനായുടെ ഭൂമിശാസ്ത്രത്തിൽ അദ്ദേഹം അത്ര അഭിജ്ഞനല്ല (ഉദാ ലൂക്കാ 17:11; 9:10-12; 4:29). ശേമിക പ്രയോഗങ്ങൾ ഉപേക്ഷിക്കുകയോ (ലൂക്കാ 22:40; 23:33) അവയ്ക്കു പകരം ഗ്രീക്കു പദങ്ങൾ നൽകുകയോ ചെയ്യുന്നു (ലൂക്കാ 18,41; മർക്കോ 10, 51: കീരിയേ/റബ്ബൂനി; ലൂക്കാ 9,33; മർക്കോ 9,5: എപ്പിസ്താത്തേസ്/റബ്ബി; ലൂക്കാ 22,42; മർക്കോ 14,36; പാത്തേർ/അബ്ബാ ഹോ പാത്തേർ; ലൂക്കാ 6,15; മർക്കോ 3,18:സെലോത്തേസ്/കാനാനിയോസ്). ഈശോയുടെ വംശാവലി ആദാമിൽനിന്നാരംഭിച്ചുകൊണ്ട് ഒരു സാർവത്രികമാനം നൽകുവാൻ ലൂക്കാ (3,38) ശ്രമിക്കുമ്പോൾ മത്തായി അബ്രഹാമിലും ദാവീദിലുമാണ് തുടങ്ങുന്നത്. സപ്തതിയാണ് ലൂക്കായ്ക്ക് പരിചിതമായ പഴയനിയമം. പാലസ്തീനായ്ക്കു സ്ഥിരമായി യൂദയാ എന്ന പേരാണ് ലൂക്കാ നൽകുന്നത് (1,5; 4,44; 6,17; 7,17; 23,5; നട 2,9; 10,37). ഇക്കാരണങ്ങളാൽ വിജാതീയക്രൈസ്തവർ കൂടുതലായി ഉണ്ടായിരുന്ന പാലസ്തീനായ്ക്കുവെളിയിലുള്ള ഒരു സമൂഹത്തിനാണ് ലൂക്കാ എഴുതിയതെന്ന് പണ്ഡിതന്മാർ കരുതുന്നു.

ഈ സമൂഹത്തിന്റെ ചില പ്രത്യേകതകൾ സുവിശേഷത്തിൽനിന്ന് ഊഹിക്കാവുന്നതാണ് (1) കർത്താവിന്റെ രണ്ടാം വരവ് ഉടൻ ഉണ്ടാകും എന്ന വിശ്വാസം അപ്രത്യക്ഷമായി തുടങ്ങി. അതേക്കുറിച്ചുള്ള ഊഹാപോഹങ്ങൾ തള്ളിക്കളയുന്നു (17,20-21; 19,11; 21,8). ക്ഷമാപൂർവം കാത്തിരിക്കാനാണ് സുവിശേഷത്തിലെ നിർദേശം (8,15; 12,55; 21,34.36). (2) ധനികരും ദരിദ്രരുമുള്ള ഒരു സമൂഹമായിരുന്നു ലൂക്കായുടേത് (ലൂക്കാ 3,11; നട2,45; 4,34-37; 17,4; 18,8). ദരിദ്രരെ വെറുത്തിരുന്ന ധനികൻ (ലൂക്കാ 18,9) അത്യാഗ്രഹികളായിരുന്നു (ലൂക്കാ 12,13-15; 16,14-15). അവർ വിശ്വാസത്തിൽനിന്ന് നിപതിക്കാനും സാധ്യതയുണ്ടായിരുന്നു (ലൂക്കാ 8,14; 9,25). ധനസമ്പാദനത്തിന്റെ ധാർമികതയെക്കുറിച്ച് ലൂക്കായുടെ സുവിശേഷം ഉറക്കെ ചിന്തിക്കുന്നുണ്ട് (ലൂക്കാ 12,13-34; 16,1-31). “സ്വീകരിക്കുന്നതിനെക്കാൾ കൊടുക്കുന്നതാണ് അനുഗൃഹീതം” (നട 20,35). (3) സഭയും രാഷ്ട്രവും തമ്മിൽ തികച്ചും സമാധാനപൂർണമായ ഒരു ബന്ധം നിലവിലുണ്ടായിരുന്നു. എന്നാണ് ഊഹിക്കേണ്ടത്. പീലാത്തോസ് ഈശോയുടെ നിരപരാധിത്വത്തിൽ വിശ്വസിച്ചിരുന്നു (ലൂക്കാ 22,4.14-15 -22). പൗലോസ് റോമൻ പൗരനും (നട 25,18) പൗരന്റെ അവകാശങ്ങൾ ഉപയോഗപ്പെടുത്താൻ തയ്യാറുള്ളവനായിരുന്നു (നട 16,37; 22,5). റോമൻ സേന യഹൂദരുടെ ആക്രമണത്തിൽനിന്ന് ക്രൈസ്തവരെ രക്ഷിക്കുന്നതായി ലൂക്കാ എഴുതുന്നു (നട 19,23-40; 23,23; 25.25,26,31).

### സമർപ്പണം

മറ്റ് സുവിശേഷങ്ങൾക്കില്ലാത്ത ഒരു പ്രത്യേകതയാണ് ലൂക്കാ പുസ്തകാരംഭത്തിൽ നടത്തുന്ന സമർപ്പണം (1,3; നട 1,1). ലൂക്കാ പുസ്തകം സമർപ്പിക്കുന്ന തെയോഫിലോസ് (ദൈവത്തിന്റെ സ്നേഹിതൻ എന്നർത്ഥം) ഒരു വ്യക്തിയോ ദൈവത്തെ സ്നേഹിക്കുന്ന ഏതൊരു വായനക്കാരനോ ആകാം. ഒരുപക്ഷേ സുവിശേഷം രചിക്കാനും പ്രചരിപ്പിക്കാനും പ്രേരിപ്പിച്ച ഒരു മാന്യവ്യക്തിയായി തെയോഫിലോസിനെ കാണുന്നതിൽ തെറ്റില്ല. അതുപോലെതന്നെ, അദ്ദേഹം (സമൂഹം) പഠിച്ചിട്ടുള്ള വചനങ്ങളുടെ സത്യാത്മകത ബോധ്യപ്പെടുത്തുകയാണ് രചനയുടെ ഉദ്ദേശമെന്ന് ലൂക്കാ പറയുന്നു. (യോഹന്നാനും സുവിശേഷരചനയുടെ ലക്ഷ്യം വിശ്വാസത്തിൽ ഉറപ്പിക്കുകയാണെന്ന് വ്യക്തമാക്കുന്നു: (യോഹ 20,30-31). ചരിത്രപരമായ ഒരു ചട്ടക്കൂട്ടിൽ മിശിഹാ അനുഭവം അവതരിപ്പിക്കുമ്പോൾ ശ്ലീഹന്മാരുടെ സാക്ഷ്യങ്ങളും മുൻ എഴുത്തുകാരുടെ കൃതികളും ലൂക്കാ ഉപയോഗിക്കുന്നുണ്ട് (1,2).

## സ്രോതസ്സ്

"വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകരും" നൽകിയിട്ടുള്ള സ്രോതസ്സുകളെ ഉപജീവിച്ചാണ് താൻ സുവിശേഷരചനനടത്തുന്നതെന്ന് ലൂക്കാ ആമുഖത്തിൽ പറയുന്നുണ്ട് (1,2). മർക്കോസിന്റെ സുവിശേഷമാണ് ലൂക്കായുടെ ഏറ്റവും വലിയ സ്രോതസ്സ്. ആ സുവിശേഷത്തിലെ 662 വാക്യങ്ങളിൽ 350എണ്ണം ലൂക്കാ ഉപയോഗിച്ചിട്ടുണ്ട്; ചിലപ്പോഴൊക്കെ ശൈലീപരമായ ചില പരിഷ്ക്കാരങ്ങളും വെട്ടിചുരുക്കലുകളോടും കൂടെ (4,37-42, 19;8,4-9,30; 18,15-24,10). മർക്കോസിന്റെ ചട്ടക്കൂട് ലൂക്കായും ഉപയോഗിക്കുന്നു (ഗലീലിയിൽ നിന്ന് ജറുസലേമിലേക്ക്). സംഭവക്രമവും മർക്കോസിന്റേതുപോലെതന്നെ. പക്ഷേ മർക്കോ 6,45 -8,26 ലൂക്കാ സമ്പൂർണമായി വിട്ടുകളഞ്ഞിരിക്കുന്നു (ഇതാണ് ലൂക്കായുടെ വിടവ്. Lukan Gap എന്നറിയപ്പെടുന്നു). ലൂക്കായുടെ രണ്ടാമത്തെ സ്രോതസ്സ് 'ക്യു' രേഖയാണ്. അതിൽനിന്ന് 235 വാക്യങ്ങളാണ് ലൂക്കായിലുള്ളത്. (6,20-8,3;9,51-18,14). ഈ രണ്ടു സ്രോതസ്സിൽനിന്നാണ്. അവ 550 വാക്യങ്ങളുണ്ട്.

## ലൂക്കായിൽ മാത്രം കാണുന്ന പ്രത്യേക ഭാഗങ്ങൾ

ലൂക്കായുടെ സുവിശേഷത്തിൽ മാത്രമുള്ള ഭാഗങ്ങളെ മൂന്നു ശീർഷകങ്ങളിലായി താഴെക്കാണുന്ന വിധം ക്രമീകരിക്കാം.

### 1. വിവരണങ്ങൾ

a. 1-2 പ്രത്യേക ബാല്യകാലവിവരണം
4,16-30 ഈശോ നസ്രത്തിലെ സിനഗോഗിൽ
5,1-11 അത്ഭുതകരമായ മീൻപിടുത്തം
7,11-17 നായിനിലെ വിധവയുടെ മകൻ
7,36-50 ഈശോയും പാപിനിയായ സ്ത്രീയും
8,1-3 ഈശോയെ അനുഗമിച്ച സ്ത്രീകൾ
9,52-56 ഈശോയെ സമറിയാക്കാർ തിരസ്ക്കരിക്കുന്നു
10,38-42 മറിയവും മർത്തായും
13,10-17 സാബത്തിൽ സുഖപ്രാപ്തി
14,1-6 മഹോദരരോഗിക്ക് സൗഖ്യം
17,11-19 പത്തു കുഷ്ഠരോഗികൾ
19,1-10 സക്കേവൂസിന്റെ മാനസാന്തരം
22,15-20 അന്ത്യ അത്താഴം
23,6-12 ഈശോ ഹേറോദേസിന്റെ മുമ്പിൽ
24,36-43 ഈശോ ശിഷ്യർക്കു പ്രത്യക്ഷനാകുന്നു
24,44-53 ഈശോയുടെ വിടവാങ്ങൽ

### 2. ഉപമകൾ

10,29-37 നല്ല സമറിയാക്കാരൻ
11,5-8 പ്രാർഥനയെക്കുറിച്ച്
12,16-21 ഭോഷനായ ധനികൻ
13,6-9 കായ്കളില്ലാത്ത അത്തിമരം
14,28-32 ഗോപുരനിർമാണവും യുദ്ധസന്നദ്ധതയും
15,8-10 കളഞ്ഞുപോയ നാണയം
15,11-32 കളഞ്ഞുപോയ മകൻ
16,19 അവിശ്വസ്തനായ കാര്യസ്ഥൻ
16,19-31 ധനികനും ദരിദ്ര ലാസറും
17,7-10 പ്രയോജനമില്ലാത്ത ദാസന്മാർ
18,1-8 ന്യായാധിപനും വിധവയും
18,9-14 ഫരിസേയന്റെയും ചുങ്കക്കാരന്റെയും പ്രാർഥന

**3. യേശു വചനങ്ങൾ**

3,10–14 സ്നാപകന്റെ പ്രസംഗം
6,24–26 സമ്പന്നർക്കു ദുരിതം
9,61–62 മിശിഹായെ അനുഗമിക്കുന്നതിനെപ്പറ്റി
10,18–20 സാത്താൻ ഇടിമിന്നൽപോലെ
12,13–15 അത്യാഗ്രഹത്തിൽനിന്ന് അകലുക
12,32 ചെറിയ അജഗണമേ...
12,35–38 ജാഗരൂകരായ ഭൃത്യരാകുക
12,49–50 ഞാൻ ഭൂമിയിൽ തീയിടുവാൻ വന്നിരിക്കുന്നു
13,1–5 പശ്ചാത്തലം നാശത്തിൽനിന്ന് രക്ഷിക്കും
13,31–33 ആ കുറുക്കനോടു പറയുക
17,20–21 ദൈവരാജ്യം നിങ്ങളുടെ ഇടയിൽ
19,41–44 ഈശോ ജെറുസലേമിനെപ്പറ്റി വിലപിക്കുന്നു
20,34–46 സദാ ജാഗരൂകരായിരിക്കുവിൻ
22,31–32 ശീമോൻ, ശീമോൻ....
22,35–38 രണ്ടു വാളുകൾ മതി!
23,27–31 ജറുസലേം പുത്രമാരെ...

## പഠനബൈബിളിലെ വ്യാഖ്യാനങ്ങൾ

**1,3: അതിശ്രേഷ്ഠനായ തെയോഫിലോസേ:** 'ദൈവത്തിന്റെ സ്നേഹിതൻ' എന്ന് അക്ഷരാർഥം (cf. അപ്പ 1,1). ആദിമ ക്രൈസ്തവരേഖകളിൽ ഈ പേരു കാണുന്നില്ല. അദ്ദേഹം റോമൻ ഭരണകൂടത്തിലെ ഒരു ഉന്നത ഉദ്യോഗ സ്ഥനോ വിശിഷ്ടവ്യക്തിയോ ആയിരുന്നിരിക്കാം. 'അതിശ്രേഷ്ഠൻ' എന്ന ഔദ്യോഗികസ്ഥാനപ്പേര് ബഹുമാനപദവി യായി മറ്റിടങ്ങളിൽ കാണപ്പെടുന്നുണ്ട് (അപ്പ 23,26; 24,3; 26,25).

**1,5: ഹേറോദേസ് യൂദയാരാജാവായിരുന്ന കാലത്ത്:** ലൂക്കാ തന്റെ വിവരണം ലോകചരിത്രത്തിന്റെ വിശാലചട്ട ക്കൂടിനുള്ളിൽ ഉറപ്പിക്കുന്നു (2,1.2; 3,1.2). **ഹേറോദേസ്:** മഹാനായ ഹേറോദേസ്, ഇദുമേയൻ അന്തിപാത്തറിന്റെ മകൻ. റോമൻ സെനറ്റ് ബി.സി. 40-ൽ അദ്ദേഹത്തെ പലസ്തീനായിൽ രാജാവായി നിയമിച്ചു; ബി.സി. 37 മുതൽ ബി.സി. 4-ൽ തന്റെ മരണംവരെ ജറുസലേമിൽ ഭരിച്ചു. മത്താ 2,1. **സഖറിയ:** ഹെബ്രായനാമം; അർഥം, 'യാഹ്വേ ഓർമിച്ചിരിക്കുന്നു'. **അബിയായുടെ ഗണത്തിൽ:** 24 വിഭാഗങ്ങളായിട്ടാണ് പുരോഹിതർ വിഭജിക്കപ്പെട്ടിരുന്നത് (1 ദിന 24,7-19). ഒരു വർഷം രണ്ടുതവണ ജറുസലേംദേവാലയത്തിൽ ശുശ്രൂഷചെയ്യാൻ ഇവർക്ക് അവസരം ലഭിച്ചിരു ന്നു. ഇതിൽ എട്ടാമത്തെ വിഭാഗത്തെക്കുറിച്ചാണ് ഇവിടെ പരാമർശം. **എലിസബത്ത്:** 'എന്റെ ദൈവത്തിന്റെ പ്രതി ജ്ഞ' എന്നർഥമാക്കുന്ന ഹെബ്രായനാമത്തിന്റെ ഒരു ഗ്രീക്കുഭാഷ്യം. അഹറോന്റെ പുത്രി എന്ന നിലയിൽ അവൾ ലേവീവംശജയായിരുന്നു (1 ദിന 6,1-3).

**1,7: വന്ധ്യയായിരുന്നു:** ഇത് ചിലപ്പോഴൊക്കെ ദൈവത്തിന്റെ അപ്രീതിയുടെ അടയാളമായി കരുതിയിരുന്നു (ഉത്പ 30,2); ഫലസമൃദ്ധമായ ഉദരം ഒരു ദൈവാനുഗ്രഹമായും (നിയ 7,14; സങ്കീ 128,3.4). സാറാ (ഉത്പ 11,30), റബേക്കാ (25,21), റാഹേൽ (29,31), സാംസണിന്റെ അമ്മ (നിയ 13,2), ഹന്നാ (2 സാമു 1,2) എന്നിവരും ദൈവം കുഞ്ഞിനെ അദ്ഭുതകരമായി നല്കിയനുഗ്രഹിക്കുന്നതുവരെ വന്ധ്യകളായിരുന്നു.

**1,10: ധൂപാർപ്പണസമയം:** 'പ്രാർഥനയുടെ സമയം' എന്നും അറിയപ്പെടുന്നു (അപ്പ 3,1). പുരോഹിതർ ദേവാലയ ത്തിൽ ദിവസംതോറും രണ്ടുതവണ, പ്രഭാതബലിയിലും പ്രദോഷബലിയിലും ധൂപാർപ്പണം നടത്തിയിരുന്നു (പുറ 30,7.8). സായാഹ്നപ്രാർഥന വൈകുന്നേരം 3 മണിക്ക് നടക്കും. അപ്പോൾ ജനക്കൂട്ടം ദേവാലയവളപ്പിൽ പ്രാർഥിക്കും. ഒരു പുരോഹിതന് സാധാരണഗതിയിൽ, തന്റെ ജീവിതകാലത്തിലൊരിക്കൽ മാത്രമേ ധൂപാർപ്പണം നടത്താൻ ഭാഗ്യം ലഭിച്ചിരുന്നുള്ളൂ. അവൻ വിശുദ്ധസ്ഥലത്ത് - അതായത്, ദേവാലയത്തിന്റെ രണ്ടാമത്തെ പരിശുദ്ധ സ്ഥലത്ത് -

പ്രാർഥനയും ധൂപവും അർപ്പിച്ചശേഷം, ജനത്തെ ആശീർവദിക്കാൻ പുറത്തേക്ക് വന്നിരുന്നു (1,21; സംഖ്യ 6,22-27). 1,5.

**1,11: കർത്താവിന്റെ ദൂതൻ:** ലൂക്കായിൽ മിക്കപ്പോഴും പ്രത്യക്ഷപ്പെടുന്ന (1,26; 2,9-13; 22,43; 24,4) മാലാഖമാർ രക്ഷാകരചരിത്രത്തിൽ സുപ്രധാനമായ പങ്കുവഹിക്കുന്നുണ്ട്. ഇവർ സ്വർഗീയദേവാലയത്തിൽ സേവചെയ്യുന്നതുപോലെ, പുരോഹിതർ ഭൗമികദേവാലയത്തിൽ ശുശ്രൂഷ ചെയ്യുന്നുവെന്ന് ഇസ്രായേല്യർ വിശ്വസിച്ചിരുന്നു (ഏശ 6,1-6; വെളി 8,2-6; 15,5-8). പഴയനിയമത്തിൽ ഇസ്മായേൽ (ഉത്പ 16,11), ഇസഹാക്ക് (18,10), സാംസൺ (ന്യായാ 18,3-5) എന്നിവരുടെ ജനനവാർത്തകൾ മാലാഖമാർ അറിയിക്കുന്നുണ്ട്.

**1,13: ഭയപ്പെടേണ്ടാ:** സ്വർഗീയദർശനത്തിന്റെ പശ്ചാത്തലത്തിൽ എപ്പോഴും കേൾക്കുന്ന പദപ്രയോഗമാണിത് (ഉത്പ 15,1; ജോഷ്വാ 1,9; ദാനി 10,12.19; cf. ലൂക്കാ 1,30; 2,10). **നീ അവന് യോഹന്നാൻ എന്നു പേരിടണം:** 'ദൈവം കരുണ കാണിച്ചിരിക്കുന്നു' എന്നർഥമുള്ള ഈ നാമം രക്ഷാകരദൗത്യത്തിൽ യോഹന്നാനുള്ള സുപ്രധാന പങ്കിനെ സൂചിപ്പിക്കുന്നു.

**1,15: വീഞ്ഞോ മറ്റു ലഹരിപാനീയങ്ങളോ അവൻ കുടിക്കുകയില്ല:** സംഖ്യ 6,3-ന്റെ പരോക്ഷസൂചന. സാംസണിനും (ന്യായാ 13,4.5) സാമുവേലിനും (LXX 1 സാമു 1,11) നല്കപ്പെട്ട ഒരു വിശേഷണമാണ് സ്നാപകയോഹന്നാനും നല്കുന്നത്. നാസീർ എന്ന യഹൂദവ്രതപ്രകാരം യോഹന്നാൻ ദൈവശുശ്രൂഷയ്ക്കായി സമർപ്പിക്കപ്പെടുകയാണ്.

**1,17: ഏലിയായുടെ ചൈതന്യത്തോടും ശക്തിയോടുംകൂടെ:** മലാക്കിയുടെ പ്രവചനമനുസരിച്ച്, അനുതാപം പ്രസംഗിക്കുകയും ഇസ്രായേൽഗോത്രങ്ങളെ പുനഃസ്ഥാപിക്കുകയും തകർന്ന കുടുംബങ്ങളെ സുഖപ്പെടുത്തുകയും ചെയ്യുന്ന ഏലിയായെപ്പോലുള്ള ഒരു ദൂതനായിരിക്കും കർത്താവിന്റെ ആഗമനത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കുന്നത് (മലാ 3,1; 4,5.6; cf. പ്രഭാ 48,1-10; മത്താ 11,13-15). **തിരികെ കൊണ്ടുവരാനും:** ധാർമികവും ആത്മീയവുമായ അനുതാപത്തിന്റെ ബൈബിൾപ്രതീകമാണ് ഇവിടെ. മർക്കോ 1,4.

**1,19: ഗബ്രിയേൽ:** ദൈവം ബലവാനാണ് എന്നർഥമുള്ള ഹെബ്രായനാമം. ദൈവസന്നിധിയിൽ ശുശ്രൂഷചെയ്യുന്ന ഏഴുമാലാഖമാരിൽ ഒരാളായ ഗബ്രിയേലിനെ (തോബി 12,15; വെളി 8,2) യഹൂദ-ക്രൈസ്തവപാരമ്പര്യങ്ങൾ ഒരു മുഖ്യദൂതനായി കരുതുന്നു. പഴയനിയമത്തിൽ ദർശനങ്ങൾ വ്യാഖ്യാനിച്ച് (ദാനി 8,15.16) രക്ഷകന്റെ ആഗമനത്തോടനുബന്ധിച്ചുള്ള സംഭവങ്ങൾ ദാനിയേലിനു വിശദീകരിച്ചുകൊടുക്കുന്ന (ദാനി 9,21-27) ഗബ്രിയേൽ, പുതിയനിയമത്തിൽ രക്ഷകന്റെ ആഗമനം പ്രവചിച്ച്, യേശുവിന്റെയും (ലൂക്കാ 1,26-38) അവന്റെ മുൻഗാമിയായ യോഹന്നാന്റെയും (1,13-17) ആഗമനസന്ദേശം നല്കുന്നു; അങ്ങനെ ഗബ്രിയേൽ മുഖ്യരക്ഷാസന്ദേശവാഹകനായി നിലകൊള്ളുന്നു.

**1,28: കൃപ നിറഞ്ഞവളേ:** പേരിനു പകരം മറ്റൊരു സംജ്ഞകൊണ്ട് ഒരു മാലാഖ ഒരാളെ അഭിസംബോധന ചെയ്യുന്ന ഏക ബൈബിൾസന്ദർഭമാണിത്. കത്തോലിക്കാപാരമ്പര്യത്തിലധിഷ്ഠിതമായ 'നന്മ നിറഞ്ഞവളേ' എന്ന പ്രയോഗം വിശുദ്ധ ജറോമിന്റെ ലത്തീൻ വുൾഗാത്തായിലെ പരിഭാഷയിൽ നിന്നാണ് ഉദ്ഭവിക്കുന്നത്. അടിസ്ഥാനപരമായി കൃത്യമാണെങ്കിലും ഇതിന് ഗ്രീക്കുമൂലത്തിന്റെ ആഴമില്ല. 'കെഖരിത്തോമെനെ' എന്ന സംജ്ഞ അപ്പ 6,8-ൽ സ്തേഫാനോസിനുവേണ്ടി പ്രയോഗിച്ചിരിക്കുന്ന 'പ്ലേരേസ് ഖാരിത്തോസ്' എന്ന പ്രയോഗത്തിൽനിന്ന് ഏറെ വ്യത്യസ്തമാണ്. വർത്തമാനാവസ്ഥയ്ക്കൊപ്പം മുന്നവസ്ഥ കൂടി ഉൾക്കൊള്ളുന്ന ഗ്രീക്കുപ്രയോഗം മറിയത്തെ ദൈവികജീവൻകൊണ്ട് മുൻപും ഇപ്പോഴും പൂരിതയായ ഒരു പാത്രമായി ചിത്രീകരിക്കുന്നു. ദൈവമാതൃത്വത്തിലേക്കുള്ള വിളിക്കുവേണ്ടി അവളെ സജ്ജമാക്കാനും ക്രൈസ്തവവിശുദ്ധിയുടെ ഉത്തമമാതൃകയായി അവളെ മാറ്റാനും വേണ്ടി ദൈവം മറിയത്തെ കൃപാസമൃദ്ധിയാൽ സമ്പന്നയാക്കി. ഈയർഥത്തിൽ, ഗബ്രിയേലിന്റെ വിളംബരം മറിയത്തിന്റെ അമലോദ്ഭവത്തിലേക്കുകൂടി വിരൽ ചൂണ്ടുന്നുണ്ട്. **സ്വസ്തി:** 'ഖയിറെ' എന്ന ഗ്രീക്ക് അഭിസംബോധനയ്ക്ക് 'ആനന്ദിച്ചാലും' എന്നാണ് അക്ഷരാർഥം. ബാല്യകാലവിവരണത്തിലെ ആഹ്ലാദപ്രമേയത്തിനു (1,14.44.47.58; 2,10.20) മകുടംചാർത്തുന്ന വാക്ക്. സീയോൻപുത്രിയെ ആഹ്ലാദിക്കാൻ ക്ഷണിക്കുന്ന പഴയനിയമഭാഗങ്ങളുടെ പ്രതിധ്വനിയാണിത് (ജോയേ 2,23.24; സെഫാ 3,14-17; സഖ 9,9). ആഹ്ലാദിക്കാനായി ജറുസലേമിനു ലഭിച്ച അതേ ക്ഷണം രക്ഷകന്റെ കന്യകാമാതാവാ

കാൻ തിരഞ്ഞെടുക്കപ്പെട്ട മറിയത്തിനും ദൂതൻ നല്കി എന്നത് അർഥഗർഭമാണ്. എന്തെന്നാൽ അവൾ വിശ്വസ്തയായ ഇസ്രായേലിന്റെ പ്രതിരൂപവും യാഹ്‌വേയുടെ രക്ഷാദായകമായ അനുഗ്രഹങ്ങളുടെ ഭാഗ്യവതിയായ സ്വീകർത്താവുമാണ്.

**1,33: യാക്കോബിന്റെ കുടുംബത്തിൻമേൽ:** ചിതറിക്കപ്പെട്ട മുഴുവൻ ഇസ്രായേൽ ജനതയുടെയുംമേൽ. ബി.സി. എട്ടാം നൂറ്റാണ്ടുമുതൽ ഇസ്രായേലിലെ വടക്കൻഗോത്രങ്ങൾ വിജാതീയരുടെയിടയിൽ ചിതറിക്കപ്പെട്ടിരുന്നു (2 രാജാ 17,21-23). അതു പോലെതന്നെ ബി.സി. ആറാം നൂറ്റാണ്ടുമുതൽ തെക്കൻരാജ്യത്തിലെ യൂദായുടെയും ബഞ്ചമിന്റെയും ഗോത്രങ്ങൾ ബാബിലോണിൽ പ്രവാസികളായി കഴിഞ്ഞുകൂടി (2 രാജാ 25,8-11). ഇസ്രായേൽഗോത്രങ്ങളുടെ ഈ ശിഥിലീകരണത്തിൽ വിലപിച്ചതോടൊപ്പം, ദാവീദുവംശജനായ മിശിഹായുടെ കീഴിൽ ഇസ്രായേൽജനതയുടെ പുനരൈക്യം പ്രവാചകൻമാർ വിളംബരം ചെയ്തു (ഏശ 11,12; എസെ 37,15-24; ഹോസി 1,10.11; ആമോ 9,9-12). ഇസ്രായേൽഗോത്രങ്ങളെ സകല ജനതകളോടുമൊപ്പം തന്റെ മഹത്ത്വപൂർണമായ രാജ്യത്തിലേക്ക് ഒരുമിച്ചുകൂട്ടുന്ന അഭിഷിക്തനായ ദാവീദുവംശജനാണ് യേശു (മത്താ 28,18-20; അപ്പ 15,15-18; റോമാ 11,25-27). 4,43.

**1,42: നീ സ്ത്രീകളിൽ അനുഗൃഹീതയാണ്:** പഴയനിയമത്തിൽ ഒരിക്കൽ ജായേലിനോടും യൂദിത്തിനോടും (ന്യായാ 5,24-27; യൂദി 13,18) മൊഴിഞ്ഞ വാക്കുകളുപയോഗിച്ച് എലിസബത്ത് മറിയത്തെ അനുഗ്രഹിക്കുന്നു. രണ്ടു സ്ത്രീകളും ഇസ്രായേലിന്റെ ശത്രുസൈന്യങ്ങളെ തടഞ്ഞുനിറുത്തുന്നതിൽ കാട്ടിയ വീരോചിതമായ വിശ്വാസത്തിന്റെയും ധൈര്യത്തിന്റെയും പേരിൽ അനുഗൃഹീതരായിരുന്നു. ജായേലും യൂദിത്തും ശത്രുപക്ഷത്തെ പട്ടാളമേധാവികളെ വധിച്ചപ്പോൾ ഇസ്രായേലിന്റെ വിജയം ഉറപ്പായി. എന്നാൽ തകർക്കപ്പെടുന്ന ശത്രുവും നേടുന്ന വിജയവും മറിയത്തിന്റെ കാര്യത്തിൽ മഹത്തരമായിരിക്കും. കാരണം, പാപത്തിന്റെയും മരണത്തിന്റെയും പിശാചിന്റെയും തല കാല്ക്കീഴിൽ ഞെരിച്ചമർത്തുന്ന രക്ഷകനെയാണ് അവൾ പ്രസവിക്കുന്നത് (ഉത്പ 3,15; 1 യോഹ 3,8).

**1,43: എന്റെ കർത്താവിന്റെ അമ്മ:** യേശു ജനിക്കുന്നതിനുമുമ്പേതന്നെ യേശുവിനെ കർത്താവായി തിരിച്ചറിയുകയാണിവിടെ (cf. 1,28.32.38.46.58.68). ഈ പദവി യേശുവിന്റെ ദിവ്യത്വത്തിന്റെയും മറിയത്തിന്റെ ദൈവമാതൃത്വത്തിന്റെയും ഇരട്ടരഹസ്യങ്ങൾ വെളിപ്പെടുത്തുന്നു. എഫേസൂസിലെ എക്യുമെനിക്കൽ കൗൺസിൽ (എ.ഡി. 431) നിർവചിക്കുകയും 1964-ൽ രണ്ടാം വത്തിക്കാൻ കൗൺസിൽ (*ലൂമെൻ ജെൻസിയും* 53) ഊന്നിപ്പറയുകയും ചെയ്ത പ്രഥമ മരിയൻസിദ്ധാന്തമാണ് മറിയത്തിന്റെ ദൈവമാതൃത്വം.

**1,46-55:** *മാഞ്ഞിഫിക്കാത്ത്* (മഹത്ത്വപ്പെടുത്തുന്നു) എന്നു ലത്തീൻഭാഷയിൽ അറിയപ്പെടുന്ന മറിയത്തിന്റെ കീർത്തനം. വിശ്വസിച്ചതുകൊണ്ടും കർത്താവിന്റെ അമ്മയായതുകൊണ്ടും പുകഴ്ത്തപ്പെടുന്ന മറിയം ഇവിടെ ദൈവത്തിന്റെ ദാസി എന്നാണ് സ്വയം വിശേഷിപ്പിക്കുന്നത്. മറിയത്തിന്റെ ഗർഭധാരണത്തോടോ എലിസബത്തിന്റെ ഭവനസന്ദർശനത്തോടോ വ്യക്തമായ ബന്ധമില്ലാത്ത ഈ ലഘുസ്തോത്രഗീതം (48-ാം വാക്യം ഒഴികെയുള്ളത്) യഹൂദക്രൈസ്തവരുടെ പ്രാർഥനാഗീതമായിരുന്നിരിക്കാം. സംഭവവിവരണത്തിൽ ഉചിതമായ സന്ദർഭത്തിൽ ഈ സ്തോത്രഗീതം സുവിശേഷകൻ ഉൾപ്പെടുത്തിയിരിക്കുന്നുവെന്നു മാത്രം. മറിയം താഴ്മയെ പ്രശംസിക്കുകയും (1,48) ദാസിയുടെമേലുള്ള ദൈവാനുഗ്രഹത്തിൽ ആഹ്ലാദിക്കുകയും ചെയ്യുന്നു (1,47.52.53). തുടർന്നുവരുന്ന ഭാഗങ്ങൾക്കു (1,58.72.78) മുന്നോടിയായി ദൈവത്തിന്റെ കരുണയുടെ (1,50.54) പ്രമേയം ഈ ഗീതം അവതരിപ്പിക്കുന്നു. സ്തോത്രഗീതം പഴയനിയമത്തിൽനിന്നുള്ള പ്രമേയങ്ങളാലും പ്രതീകങ്ങളാലും വർണാഭമായിരിക്കുന്നു (1 സാമു 2,1-10; സങ്കീ 89,14; 98,3; ഹബ 3,18).

**1,68-79:** *ബെനദിക്തൂസ്* (വാഴ്ത്തപ്പെട്ടവൻ) എന്ന് ലത്തീൻഭാഷയിൽ അറിയപ്പെടുന്ന സഖറിയായുടെ കീർത്തനം ഇസ്രായേലിനോടുള്ള ദൈവത്തിന്റെ വിശ്വസ്തതയുടെയും യേശുകേന്ദ്രീകൃതമായ രക്ഷാകരചരിത്രത്തിന്റെയും പേരിൽ ദൈവത്തെ പ്രകീർത്തിക്കുന്നു. മറിയത്തിന്റെ സ്തോത്രഗീതംപോലെ (46-55) ഈ കീർത്തനവും ഗ്രീക്കുപഴയനിയമത്തിൽനിന്നും യഹൂദ-ക്രൈസ്തവ സ്തുതിഗീതത്തിൽനിന്നും കടംകൊണ്ടിട്ടുള്ളതും സന്ദർഭവുമായി അത്രയേറെ ബന്ധമില്ലാത്തതുമാണ്. ഈ ശിശു ആരായിത്തീരും? എന്ന 66-ാം വാക്യത്തിലെ ചോദ്യത്തിന്, സന്ദർഭോചിതമായി 76, 77 വാക്യങ്ങളിൽ സുവിശേഷകൻ മറുപടി നല്കുന്നു. രക്ഷയുടെ കൊമ്പ് (69; കരുത്തിന്റെ ചിഹ്നമാ

ണിത്: സങ്കീ 18,2; പ്രഭാ 47,11; മിക്കാ 4,13), ഉന്നതത്തിൽ നിന്നുള്ള ഉദയസൂര്യൻ (78) എന്നീ പ്രയോഗങ്ങൾ ക്രിസ്തുസൂചകങ്ങളാണ്.

**2,1-2:** പുതിയനിയമത്തിനുപുറത്ത് അഗസ്റ്റസ് സീസറിന്റെ കാലത്ത് ഇത്തരമൊരു കണക്കെടുപ്പു നടന്നതായി രേഖകളില്ല. ലോകമെങ്ങുമുള്ള റോമൻപൗരന്മാരുടെ കണക്കെടുപ്പു നടന്നത് ബി.സി. 28, ബി.സി. 8, എ.ഡി. 14 എന്നീ വർഷങ്ങളിലാണ്. സുൾപ്പീഷിയൂസ് കിരീനിയോസ് സിറിയായുടെ ദേശാധിപതിയാകുന്നത് എ.ഡി. 6-7 വർഷങ്ങളിലാണ്. ഇതാകട്ടെ, യൂദയായെ സിറിയായുടെ പ്രവിശ്യയായി മാറ്റിയപ്പോളാണുതാനും. ആ സമയത്ത് യൂദയായിൽ ഒരു പ്രവിശ്യാകണക്കെടുപ്പു നടന്നു. അതിനുമുമ്പായി കിരീനിയോസ് സിറിയായുടെ ദേശാധിപതിയായിട്ടുണ്ടെങ്കിൽ അത് ബി.സി. 10-നു മുമ്പായിരുന്നിരിക്കണം. ബി.സി. 10 മുതൽ ബി.സി. 4 (ഹേറോദേസിന്റെ മരണം) വരെയുള്ള ദേശാധിപതികളെക്കുറിച്ച് ചരിത്രപരമായ കൃത്യത ലഭിച്ചിട്ടുണ്ട്. സുവിശേഷകന്റെ ചരിത്രപരമായ വിവരണം വിശ്വസിച്ച് കണക്കെടുപ്പു നേരത്തെ നടത്തിയെന്നു കരുതിയാൽത്തന്നെ 3,1.23-ൽ രേഖപ്പെടുത്തിയിട്ടുള്ള യേശുവിന്റെ പരസ്യജീവിതാരംഭത്തെ സംബന്ധിച്ച വിവരണത്തിൽ പ്രശ്നങ്ങളുള്ളതായി കാണാം. കിരീനിയോസ് ബി.സി. നാലിനുശേഷം (എ.ഡി. 6-നു മുമ്പും) സിറിയായിലെ ദേശാധിപതിയായെന്നു കണക്കാക്കിയാൽത്തന്നെ, ഹേറോദേസ്രാജാവിന്റെ ഭരണകാലത്ത് യേശുവിന്റെ ജനനം നടന്നുവെന്നു സൂചിപ്പിക്കുന്ന വർഷം നിർണയിക്കുന്നത് ചരിത്രപരമായ വിവരണങ്ങളുമായി യോജിക്കുകയില്ല (1,5; മത്താ 2,1). ബേത്‌ലെഹെമിലെ യേശുവിന്റെ ജനനത്തെ കിരീനിയൂസിനു കീഴിൽ നടന്ന ജനസംഖ്യാകണക്കെടുപ്പിന്റെ അവ്യക്തമായ ഓർമയുമായി (cf. അപ്പ 5,37) ലൂക്കാ കൂട്ടിയിണക്കുന്നത് ആ ജനനം റോമാസാമ്രാജ്യത്തിന് എന്തുമാത്രം പ്രസക്തമാണ് എന്ന് അടിവരയിടാനായിരിക്കണം. ബേത്‌ലെഹെമിൽ ജനിച്ച ഈ കുഞ്ഞിലൂടെ സാമ്രാജ്യത്തിന് സമാധാനവും രക്ഷയും കൈവരും.

**2,1: അഗസ്റ്റസ് സീസർ:** ഭരണകാലം ബി.സി. 27 മുതൽ എ.ഡി. 14 വരെയായിരുന്നുവെന്ന് പൊതുവേ കരുതപ്പെടുന്നു. റോമൻ സാമ്രാജ്യത്തിൽ അദ്ദേഹത്തിന് രക്ഷകൻ, ദൈവം എന്നീ വിശേഷണങ്ങൾ നല്കപ്പെട്ടിരുന്നതായി ഗ്രീക്കുലിഖിതങ്ങളിൽ കാണുന്നു. അദ്ദേഹത്തിന്റെ ദൈർഘ്യമേറിയ കാലഘട്ടത്തിന് റോമൻ സാമ്രാജ്യത്തിൽ സമാധാനത്തിന്റെ കാലം (Pax Augusta / Pax Romana) എന്നാണറിയപ്പെടുന്നത്. യേശു ബേത്‌ലെഹെമിൽ ജനിച്ച കാലഘട്ടത്തെ ലൂക്കാ സീസർ അഗസ്റ്റസിന്റെ ഭരണകാലവുമായി ബന്ധിപ്പിച്ചതു വെറുതെയല്ല. യഥാർഥ രക്ഷകൻ (11), സമാധാനവാഹകൻ (2,14; 19,38) യേശു ആണ്. മഹാനായ ആ ചക്രവർത്തി ദൈവത്തിന്റെ ഉപകരണം മാത്രമാണ് (ഏശ 44,28-45,1-ലെ പേഴ്സ്യൻ രാജാവ് സൈറസിനെപ്പോലെ). അദ്ദേഹം ദൈവത്തിന്റെ പദ്ധതി പൂർത്തീകരിക്കാനുള്ള അവസരമൊരുക്കുന്നുവെന്നേ പറയാനാകൂ.

**2,4: ബേത്‌ലെഹെമിലേക്ക്:** നസറത്തിന് ഏകദേശം 145 കിലോമീറ്റർ തെക്കുള്ള ഒരു ചെറിയ യഹൂദഗ്രാമമാണ് ബേത്‌ലെഹെം. അത് ദാവീദുരാജാവിന്റെ കുടുംബനഗരമായും അവന്റെ രാജകീയാഭിഷേകത്തിന്റെ വേദിയായും മുഖ്യമായി അറിയപ്പെട്ടിരുന്നു (1 സാമു 16,1-13). മത്താ 2,1.

**2,19: മറിയമാകട്ടെ ... ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ചുകൊണ്ടിരുന്നു:** സംഗ്രഹിക്കുക എന്നതിന് ഒന്നിച്ചന്വേഷിക്കുക, ഒരിടത്തന്വേഷിക്കുക എന്നർഥം വരുന്ന 'സുൻ തേരെയോ' എന്ന ഗ്രീക്കുപദമാണ് ഉപയോഗിച്ചിരിക്കുന്നത്. ധ്യാനിക്കുക എന്നർഥം വരുന്ന 'സുൻബള്ളോ' എന്ന ക്രിയാപദത്തിന്റെ അക്ഷരാർഥം ഒരിടത്തേക്കെറിയുക, ഏകോപിപ്പിക്കുക എന്നൊക്കെയാണ്. ഇതിന്റെ വിപരീതമായ 'ദിയബള്ളോ' (തലങ്ങും വിലങ്ങും എറിയുക, ചിതറിക്കുക എന്നൊക്കെയർഥം) എന്ന ക്രിയാപദത്തിൽനിന്നാണ് ഡെവിൾ, ഡയബോളിക്ക് എന്നീ പദങ്ങൾ ഉദ്ഭവിക്കുന്നത്! ശിഥിലീകരണസാഹചര്യങ്ങൾ നിലനില്ക്കേയുള്ള മറിയത്തിന്റെ ധ്യാനം ഏറെ അർഥഗർഭമാണ്.

**3,1: തിബേരിയൂസ് സീസർ:** എ.ഡി. 14-ലാണ് അഗസ്റ്റസിനെ പിന്തുടർന്ന് തിബേരിയൂസ് ചക്രവർത്തിയാകുന്നത്. എ.ഡി. 37 വരെ തിബേരിയൂസ് ചക്രവർത്തിയുടെ ഭരണകാലം നീണ്ടുനിന്നു. ഭരണകാലത്തിന്റെ പതിനഞ്ചാം വർഷമെന്നു കണക്കാക്കുമ്പോൾ അത് എ.ഡി. 27 അല്ലെങ്കിൽ 29 ആയിരിക്കാം. **പൊന്തിയൂസ് പീലാത്തോസ്:** എ.ഡി. 26 മുതൽ 36 വരെ യൂദയായുടെയും സമരിയായുടെയും ഇദുമിയായുടെയും ഭരണാധികാരിയായിരുന്നു. യൂദയായിലെ യഹൂദരോടും അവരുടെ മതാചാരങ്ങളോടും തെല്ലും പരിഗണനയില്ലാത്ത (cf. ലൂക്കാ 13,1) ദേശാധിപതിയായിട്ടാണ്

യഹൂദചരിത്രകാരനായ ജോസഫ് ഫ്ളാവിയൂസ് അദ്ദേഹത്തെ ചിത്രീകരിച്ചിട്ടുള്ളത്. **ഹേറോദേസ്:** മഹാനായ ഹേറോദേസുരാജാവിന്റെ പുത്രനാണ് ഹേറോദേസ് അന്തിപ്പാസ്. ബി.സി. 4 മുതൽ എ.ഡി. 39 വരെയുള്ള കാലഘട്ടത്തിൽ രാജാവായിരുന്ന ഇദ്ദേഹം ഗലീലിയുടെയും പെരേയായുടെയും ദേശാധിപതിയായിരുന്നു. നാലിൽ ഒന്ന് പ്രദേശത്തിന്റെ അധികാരിയെന്ന് അർഥമുള്ള ടെട്രാർക്ക് എന്ന ഔദ്യോഗിക പദവിയായിരുന്നു ഇദ്ദേഹത്തിന്റേത്. **ഫിലിപ്പ്:** മഹാനായ ഹേറോദേസുരാജാവിന്റെ മറ്റൊരു പുത്രൻ. ഗലീലിക്കടലിന്റെ വടക്കും കിഴക്കുമുള്ള ദേശങ്ങളുടെ അധിപതിയായ ഫിലിപ്പ് ബി.സി. 4 മുതൽ എ.ഡി. 34 വരെ ഈ ദേശങ്ങൾ ഭ രിച്ചു. രണ്ടു ദേശങ്ങളുടെ പേരുകൾ മാത്രമാണ് സുവിശേഷകൻ നല്കുന്നത്. **ലിസാനിയോസ്:** ദമാസ്കസിന്റെ വടക്കുപടിഞ്ഞാറുണ്ടായിരുന്ന അബിലേനെ എന്ന ദേശത്തെ ടെട്രാർക്കായിരുന്ന ഇദ്ദേഹത്തെക്കുറിച്ച് വ്യക്തമായ അറിവില്ല.

**3,2: അന്നാസും കയ്യാഫാസും പ്രധാനപുരോഹിതരായിരിക്കേ:** സ്നാപകയോഹന്നാൻ മാനസാന്തരപ്പെടാൻ ആഹ്വാനംചെയ്ത കാലഘട്ടത്തിലെ പൊതു ഭരണാധികാരികളുടെ പേരുകൾ വിവരിച്ചശേഷം പലസ്തീനായുടെ മതനേതൃത്വത്തെക്കുറിച്ച് സുവിശേഷകൻ വ്യക്തമാക്കുന്നു (cf. 1,5). എ.ഡി. 6 മുതൽ 15 വരെ അന്നാസായിരുന്നു പ്രധാനപുരോഹിതൻ. സ്വന്തം കുടുംബത്തിൽപ്പെട്ട പലരും അദ്ദേഹത്തെ പിന്തുടർന്ന് ഇതേപദവി വഹിച്ചുവെങ്കിലും ഒടുവിൽ മരുമകനായ കയ്യാഫാസ് ഈ സ്ഥാനത്തെത്തുകയായിരുന്നു (എ.ഡി. 18-36; യോഹ 18,13.19.24). പ്രധാനപുരോഹിതൻ എന്നർഥം വരുന്ന 'ആർഖിയറേയൂസ്' എന്ന ഏകവചനരൂപം അന്നാസിന്റെയും കയ്യാഫാസിന്റെയും പേരിനു മുന്നിൽ ഉപയോഗിച്ചിരിക്കുന്നതായി മൂലഗ്രന്ഥത്തിൽ കാണുന്നു. ആ കാലഘട്ടത്തിൽ അന്നാസായിരുന്നു പ്രധാനപുരോഹിതൻ എന്നു തെറ്റിധരിക്കാൻ ഇത് ഇടയാക്കുന്നുണ്ടണ്ട് (cf. അപ്പ 4,6). ചിലപ്പോൾ അന്നാസിന് അന്നും മതനേതൃത്വത്തെ സ്വാധീനിക്കാൻ കഴിഞ്ഞിരിക്കാം; അതല്ലെങ്കിൽ, സ്ഥാനമൊഴിഞ്ഞാലും പ്രധാനപുരോഹിതന്മാർ ആ നാമം നിലനിറുത്തിയിട്ടുണ്ടാകാം. **യോഹന്നാന് ... ദൈവത്തിന്റെ അരുളപ്പാടുണ്ടണ്ടായി:** സുവിശേഷകൻമാരിൽ ലൂക്കാ മാത്രമാണ് യോഹന്നാന്റെ പ്രബോധനം ദൈവികാഹ്വാനമായി ചിത്രീകരിച്ചിട്ടുള്ളത്. ദൈവത്തിന്റെ അരുളപ്പാടു സ്വീകരിച്ച പ്രവാചകന്മാരുടെ നിരയിൽ സ്നാപകനെയും സുവിശേഷകൻ ഉൾപ്പെടുത്തുന്നു. 7,26-ൽ സ്നാപകനു പ്രവാചകനെക്കാൾ ഉയർന്ന സ്ഥാനം സുവിശേഷകൻ നല്കുന്നുണ്ട്. പഴയനിയമപ്രവചനങ്ങളെയും പുതിയനിയമപൂർത്തീകരണത്തെയും സമന്വയിപ്പിക്കാനുള്ള ദൗത്യം പേറുന്ന പ്രവാചകനായി യേശുവിന്റെ മുൻഗാമിയായ സ്നാപകനെ ലൂക്കാ വിശേഷിപ്പിക്കുന്നു (7,27).

**4,2: നാല്പതുദിവസം:** പുറപ്പാടിന്റെ പുസ്തകത്തിൽ ഇസ്രായേൽ ജനം നാല്പതുവർഷക്കാലം മരുഭൂമിയിൽ അലഞ്ഞതിനെ സൂചിപ്പിക്കുന്നതാണിത് (നിയ 8,2). മറ്റു സാധ്യതകളുമുണ്ട്: പ്രളയം (ഉത്പ 7,4.17); സീനായ് മലയിലെ മോശയുടെ ഉപവാസം (പുറ 34,28); ഇസ്രായേലിന്റെ മരുഭൂയാത്ര (നിയമ 8,2); പന്ത്രണ്ടുചാരൻമാരുടെ കാനാൻനിരീക്ഷണം (സംഖ്യ 14,34); ഫിലിസ്ത്യരിൽനിന്ന് ഇസ്രായേൽ നേരിട്ട പീഡനം (ന്യായ 13,1); ഏലിയായുടെ ഉപവാസം (1 രാജാ 19,8); യോനായുടെ പ്രബോധനംവഴി നിനവേക്കു ലഭിച്ച മാനസാന്തരാവസരം (യോന 3,4).

**4,31-44: കഫർണാം:** യേശുവിന്റെ ഗലീലിയിലെ ശുശ്രൂഷയുടെ മുഖ്യ ആസ്ഥാനം (മത്താ 4,13; മർക്കോ 2,1). ഗലീലിക്കടലിന്റെ വടക്കൻതീരത്തുള്ള ഈ പട്ടണം മത്സ്യവ്യവസായത്തിൽ അഭിവൃദ്ധിപ്പെട്ടിരുന്നു. കഫർണാമിൽ യേശുവിന്റെ പിന്നീടുള്ള വിവിധ ശുശ്രൂഷാസന്ദർഭങ്ങൾക്കെല്ലാംതന്നെ മർക്കോ 1,21-39 വാക്യങ്ങളാണ് ഉറവിടമായി മാറുന്നത്. നേരത്തേ യേശുവിനെ പ്രവാചകനായും (16-30) പിന്നീട്, ഗുരുവായും (31-32) ഭൂതോച്ചാടകനായും (32-37.41) രോഗശാന്തി നല്കുന്നവനായും (38-40) ദൈവരാജ്യപ്രഘോഷകനായും (43) ലൂക്കാ അവതരിപ്പിക്കുന്നു.

**5,1: ഗനേസറത്തു തടാകം:** ഗലീലിക്കടൽ എന്നും (മത്താ 4,18) തിബേരിയാസ് കടൽ എന്നും (യോഹ 6,1) ഇത് അറിയപ്പെടുന്നു.

**6,4: കാഴ്ചയപ്പം:** നേരിയ മാവുകൊണ്ടുള്ള പന്ത്രണ്ട് അപ്പം ആഴ്ചതോറും ദേവാലയത്തിൽ വച്ചിരുന്നു (പുറ 25,30). സാബത്തിൽ പുതിയ അപ്പം വയ്ക്കുമ്പോൾ പുരോഹിതർ പഴയത് ഭക്ഷിക്കും (ലേവ്യ 24,59). മത്താ 12,5.

**6,13: പന്ത്രണ്ടുപേരെ തിരഞ്ഞെടുത്ത്:** മത്തായി, ലൂക്കാ എന്നിവർ ഈ പന്ത്രണ്ടു ശിഷ്യന്മാരെ ബന്ധപ്പെടുത്തുന്നത് ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളുമായിട്ടാണ് (22,29.30; മത്താ 19,28). ഇവർ സുവിശേഷം പ്രഘോഷിക്കുകയും ആദിമസഭയെ നയിക്കുകയും ചെയ്യുന്നവരാണ് (9,16; മത്താ 28,16-20). പന്ത്രണ്ട് എന്ന സംഖ്യ ആദിമക്രൈസ്തവപാരമ്പര്യത്തിന്റെ ഭാഗമാണ് (1 കോറി 15,5). പന്തക്കുസ്താനുഭവത്തിനുമുമ്പുതന്നെ യൂദാസിനു പകരം ആദിമക്രൈസ്തവസമൂഹത്തിൽ പന്ത്രണ്ട് എന്ന എണ്ണം തികയ്ക്കാൻ ശ്രമമുണ്ടണ്ടായി (അപ്പ 1,15-26). ലൂക്കായുടെ വീക്ഷണമനുസരിച്ച് പന്ത്രണ്ടുപേർ യേശുവിന്റെ ജ്ഞാനസ്നാനവേളയിലും സ്വർഗാരോഹണവേളയിലും സന്നിഹിതരാണ് (അപ്പ 1,21.22). അവരാണ് ചരിത്രപുരുഷനായ ക്രിസ്തുവിനെയും ലൂക്കായുടെ കാലത്തെ സഭയെയും ബന്ധിപ്പിക്കുന്ന കണ്ണികൾ. ചരിത്രത്തിലെ യേശുവിന്റെ ദൃക്സാക്ഷികളായ ഇവർ ആദിമക്രൈസ്തവസമൂഹത്തിന്റെ വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും യേശുവിന്റെ പ്രബോധനങ്ങളോടുള്ള വിശ്വസ്തത ഉറപ്പാക്കി (ലൂക്കാ 1,1-4). **അപ്പസ്തോലന്മാർ എന്നു പേരു നല്കി:** സുവിശേഷകരിൽ ലൂക്കാ മാത്രമാണ് ശിഷ്യന്മാരെ അയക്കപ്പെട്ടവൻ എന്നർഥം വരുന്ന അപ്പസ്തോലൻ എന്നു വിശേഷിപ്പിക്കുന്നത്. മത്താ 10,2-4. ദൈവവചനം പ്രഘോഷിക്കാനായി അയയ്ക്കപ്പെടുന്ന പ്രേഷിതനാണ് ആദിമക്രൈസ്തവസമൂഹത്തിൽ അപ്പസ്തോലൻ എന്നു നാമകരണം ചെയ്യപ്പെട്ടിരുന്നത്. ലൂക്കായാകട്ടെ, ഈ വിശേഷണം പന്ത്രണ്ടുപേർക്കു മാത്രമായി ചുരുക്കി. രണ്ടു വാക്യങ്ങളിൽ മാത്രം പൗലോസിനെയും ബർണബാസിനെയും അദ്ദേഹം അപ്പസ്തോലന്മാർ എന്നു വിശേഷിപ്പിച്ചു (അപ്പ 14,4.14). പുതിയനിയമത്തിൽ മറ്റിടങ്ങളിൽ ഈ പദം വിശാലാർഥത്തിൽ ഉപയോഗിച്ചിരുന്നതായി കാണാം (റോമാ 16,7; 1 കോറി 1,1; 9,1; 15,5-7; ഗലാ 1,19). ഇസ്രായേലിന്റെ പന്ത്രണ്ട് ഗോത്രപിതാക്കൻമാരെപ്പോലെ (ഉത്പ 35,22-26) പുതിയ ഇസ്രായേലായ തിരുസഭയുടെ പിതൃസ്ഥാനീയരാകാൻ യേശു പന്ത്രണ്ടുപേരെ തിരഞ്ഞെടുക്കുന്നു (22,28-30; ഗലാ 6,16; വെളി21,14).
*പന്ത്രണ്ട് അപ്പസ്തോലൻമാർ* (മർക്കോ 3).

**6,14: പത്രോസ് എന്ന് അവൻ പേരു നല്കിയ ശിമയോൻ:** മർക്കോ 3,16.

**6,15: തീവ്രവാദിയെന്നു വിളിക്കപ്പെട്ടിരുന്ന ശിമയോൻ:** എ.ഡി. 66-70-കളിൽ റോമൻ സാമ്രാജ്യത്തിനെതിരേ ആദ്യകലാപമുണ്ടാക്കിയവരെ തീവ്രവാദികൾ എന്നു വിശേഷിപ്പിച്ചിരുന്നു. യേശുവിന്റെ ജീവിതകാലത്തും ഇത്തരം തീവ്രവാദഗ്രൂപ്പുകളുണ്ടായിരുന്നുവോയെന്നതു തർക്കവിഷയമായതിനാൽ ഇവിടെ ശിമയോനെ തീവ്രവാദിയെന്നു വിശേഷിപ്പിക്കുന്നതിന്റെ കാരണം അവ്യക്തമാണ്.

**6,17: ടയിർ, സിദോൻ എന്നീ തീരപ്രദേശങ്ങളിൽനിന്നും:** പലസ്തീനായുടെ വടക്കുള്ള ഫിനീഷ്യയിലെ രണ്ടു തീരദേശപട്ടണങ്ങൾ. ഈ പ്രദേശങ്ങളിൽനിന്നുള്ളവരിൽ ഭൂരിഭാഗവും വിജാതീയരാണ്. ഇസ്രായേലിനു വെളിയിൽ യേശുവിനുള്ള ജനപ്രീതിയുടെ തെളിവാണിത് (cf. 2,31.32; 3,6; 4,24-27).

**7,14: ശവമഞ്ചത്തിൻമേൽ തൊട്ടു:** മൃതശരീരത്തെ തൊടുന്നത് ഒരു യഹൂദനെ ഒരാഴ്ചത്തേക്ക് അശുദ്ധനാക്കും (സംഖ്യ 19,11-19). എന്നാൽ, 'എഴുന്നേല്ക്കുക' എന്ന വാക്കിനാൽ മരിച്ചവനെ വീണ്ടും ജീവനിലേക്ക് മടക്കിക്കൊണ്ടുവന്നുകൊണ്ട് നൈയാമിക അശുദ്ധിയുടെ കാരണത്തെത്തന്നെ നീക്കിക്കളയുന്ന യേശു, മിശിഹാതന്നെയാകുന്നു എന്ന് ഇതിനാൽ വെളിപ്പെടുന്നു (7,22).

**7,16: ഒരു വലിയ പ്രവാചകൻ:** ഏലിയാപ്രവാചകൻ സറെപ്തായിലെ വിധവയുടെ മകനെ ഉയിർപ്പിച്ച് അമ്മയ്ക്ക് ഏല്പിച്ചു കൊടുത്തതും (1 രാജാ 17,23; cf. ലൂക്കാ 7,15) എലീഷാ ഷൂനേം കാരിയുടെ മകനു ജീവൻ നല്കി തിരികെ ഏല്പിച്ചതും (2 രാജാ 4,32-37) അനുസ്മരിക്കുന്ന ജനം യേശുവിനെ ഒരു വലിയ പ്രവാചകനായി കാണുന്നു (cf. ലൂക്കാ 24,19; മത്താ 16,14; 21,11.46; യോഹ 6,14).

**7,18-23:** മലാ 4,5-ന്റെ പശ്ചാത്തലത്തിലാണ് സ്നാപകന്റെ ചോദ്യം.

**7,24: കാറ്റിൽ ഉലയുന്ന ഞാങ്ങണയോ?:** ഹേറോദേസ് അന്തിപ്പാസും സ്നാപകയോഹന്നാനും തമ്മിലുള്ള ഒരു താരതമ്യമാണിവിടെ. ജോർദാൻ താഴ്വരയിൽ സമൃദ്ധമായി വളരുന്ന ഞാങ്ങണച്ചെടിയെപ്പോലെ ആടിയുലയുന്ന വ്യക്തിത്വമുള്ള രാജാവാണ് ഹോറോദേസ് അന്തിപ്പാസ്. എന്നാൽ സ്നാപകനാകട്ടെ, വിട്ടുവീഴ്ചയില്ലാത്ത വ്യക്തിത്വ

മുള്ള നേതാവാണ്. **മൃദുലവസ്ത്രങ്ങൾ ധരിച്ച:** ഗലീലിക്കടൽക്കരയിലുള്ള തിബേരിയൂസിലെ കൊട്ടാരസമുച്ചയ ത്തിൽ ഹേറോദേസ്രാജാവ് ആഡംബരപൂർവം ജീവിച്ചു. എന്നാൽ സ്നാപകനാകട്ടെ, ലളിതജീവിതവും പരുക്കൻ ജീവിതശൈലിയും സ്വന്തമാക്കിയ പ്രവാചകോത്തമനായിരുന്നു.

**7,32: കുട്ടികളെപ്പോലെയാണ്:** മറ്റുള്ളവർ നിർദേശിക്കുന്ന കളികളൊന്നും പരിഗണിക്കാതെ പരാതിപ്പെടുന്ന കുട്ടിക ളോടാണ് യേശു തന്റെ തലമുറയെ ഉപമിക്കുന്നത്. യേശുവിന്റെ ആനന്ദഭരിതമായ ശുശ്രൂഷയും (കുഴലൂതി) യോഹന്നാന്റെ കാർക്കശ്യമേറിയ ശുശ്രൂഷയും (വിലപിച്ചു) സ്വർഗരാജ്യത്തിലേക്കുള്ള ക്ഷണമായിരുന്നു. എന്നാൽ കുട്ടികളെപ്പോലെ, സ്വന്തം നിലപാടിലുള്ള കടുംപിടുത്തം നിമിത്തം അവർ ഇവ തിരസ്കരിച്ചു.

**7,36: ഫരിസേയരിൽ ഒരുവൻ:** ലൂക്കായുടെ സുവിശേഷപ്രകാരം ഫരിസേയരോടൊപ്പം യേശു 3 തവണ ഭക്ഷണം കഴിക്കുന്നതായി കാണുന്നു (11,37; 14,1). **ഭക്ഷണത്തിനിരുന്നു:** യഹൂദർ ആഘോഷവേളകളിൽ ഉയരംകുറഞ്ഞ കട്ടി ലിൽ ഇടത്തുഭാഗത്തുള്ള ഒരു കുഷ്യനിൽ പുറകോട്ടു ചാഞ്ഞിരുന്ന് വലത്തുകൈകൊണ്ടാണ് ഭക്ഷണം കഴിച്ചിരു ന്നത്. യേശുവിന്റെ പിന്നിൽ അവന്റെ പാദത്തിനരികേ ആ സ്ത്രീ എപ്രകാരം നിന്നുവെന്ന് ഇത് വിശദീകരിക്കുന്നു (38). നിലവിലുണ്ടായിരുന്ന ആചാരമര്യാദകൾ ഇവിടെ കാണാം: സ്വീകരണചുംബനം (45), കാലുകഴുകൽ (44), ശിരസിൽ തൈലാഭിഷേകം (44).

**7,41: ദനാറ:** ദനാറിയുസ് എന്ന റോമൻ നാണയം ഒരു ദിവസത്തെ കൂലിയായിരുന്നു. അഞ്ഞൂറു ദിവസത്തെയും അമ്പതു ദിവസത്തെയും വേതനങ്ങൾ തമ്മിലുള്ള ഗണ്യമായ അന്തരം അനുഭവവേദ്യമാകുന്ന ക്ഷമയുടെയും സ്നേഹ ത്തിന്റെയും അളവുകോലായി മാറുന്നു.

**8,26: ഗരസേനർ:** ചില കൈയെഴുത്തുപ്രതികളിൽ ഗദറായരുടെ നാട്ടിൽ എന്നും മറ്റു ചിലതിൽ ഗർഗെസേന രുടെ നാട്ടിൽ എന്നും കാണാം. ഗെരാസാപട്ടണം സ്ഥിതിചെയ്തിരുന്നത് ജോർദാൻനദിയുടെ കിഴക്കായിരുന്നു. അത് ദെക്കാപ്പോളിസിലെ 10 വിജാതീയനഗരങ്ങളിൽ ഒന്നായിരുന്നു (മർക്കോ 5,1-20). മത്താ 8,28.

**ഗലീലിക്ക് എതിരേ:** തീറ്റ തിന്നിരുന്ന പന്നിക്കൂട്ടത്തിന്റെ സാന്നിധ്യം ഇത് ഒരു വിജാതീയ പ്രദേശമായിരുന്നെന്നു വ്യക്തമാക്കുന്നു (8,32). ഇസ്രായേല്യർ വളർത്തുകയോ ഭക്ഷിക്കുകയോ ചെയ്യാത്ത മൃഗമായിരുന്നു അത് (ലേവ്യ 11,7.8; നിയ 14,8). രക്ഷ പ്രാപിച്ചയാൾ വിജാതീയനായിരുന്നു (36) എന്നു വ്യക്തം.

**8,30: നിന്റെ പേരെന്ത്?:** അശുദ്ധാത്മാവിന്റെ പേര് ലഭിച്ചാൽ അതിനെ കീഴടക്കൽ എളുപ്പമാകുമെന്നാണ് പൊതു വായ ധാരണ. **ലെഗിയോൻ:** ഗ്രീക്കുഭാഷ കടംകൊണ്ട ഒരു ലത്തീൻപദമാണിത്. 6000 റോമൻ പടയാളികൾ എന്നർഥം വരുന്ന സൈനികപദം. അയാളെ മുക്കിക്കളയാനാകുംവിധമുള്ള ദുഷ്ടന്റെ സാന്നിധ്യവും നടന്നുകൊണ്ടിരുന്ന ആത്മീ യയുദ്ധത്തിന്റെ തീവ്രതയും അത് ചൂണ്ടിക്കാട്ടുന്നു. യേശുവിന്റെ ഒരു വാക്ക് സാത്താന്റെ ഒരു സൈന്യത്തെയൊ ന്നാകെ കീഴടക്കുമ്പോൾ യേശുവിന്റെ അധീശത്വം വ്യക്തമാകുകയാണ് (11,20).

**8,31: പാതാളം:** പാപം ചെയ്ത ദൂതരെ അന്ത്യവിധിവരെ തടവിലാക്കിയിരിക്കുന്ന ഇരുൾക്കുഴി (2 പത്രോ 2,4; വെളി 9,1-11; 20,1-3). മരിച്ചവർ ചെന്നെത്തുന്ന സ്ഥലമെന്നും (റോമാ 10,7) പിശാചിനെ തടവിലാക്കിയിരിക്കുന്ന ഇടമെന്നും (വെളി 20,3) സൃഷ്ടി നടക്കുന്നതിനുമുമ്പുള്ള ആഴമേറിയ ജലത്തട്ടെന്നും നിർവചിക്കാം.

**8,52: ഉറങ്ങുകയാണ്:** ഉറങ്ങുക എന്നർഥമുള്ള 'കത്ത്യൂദോ' എന്ന ഗ്രീക്കുപദം മരണത്തെ സൂചിപ്പിക്കുന്ന ആലങ്കാ രികപ്രയോഗമാണ് (മർക്കോ 5,39; യോഹ 11,11-14).